Break the Chain

# കേരളസർവകലാശാല

നം.പി.ആർ.65/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് (2008, 2013 സ്കീം) ഒക്ടോബർ 2020 പരീക്ഷയുടെ മെക്കാനിക്കൽ ബ്രാഞ്ചിന്റെ ഫ്ളുയിഡ് മെക്കാനിക്സ് ആന്റ് മെഷീൻസ് ലാബ്, ഐ.സി എഞ്ചിൻസ് പരീക്ഷ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് യഥാക്രമം മാർച്ച് 24, 25 തീയതികളിലും നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) മെക്കാനിക്കൽ സ്ട്രീം ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ മെക്കാനിക്സ് ഓഫ് സോളിഡ്സ്-ന്റെ പ്രാക്ടിക്കൽ പരീക്ഷ ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ മാർച്ച് 24 നും നാലാം സെമസ്റ്റർ ബി.ടെക് (2008, 2013 സ്കീം) ഒക്ടോബർ 2020 പരീക്ഷയുടെ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഫ്ളൂയിഡ് മെക്കാനിക്സ് ലാബ് മാർച്ച് 24 നും നടത്തുന്നു.

### ടൈംടേബിൾ

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം 2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ (2018 അഡ്മിഷൻ റഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ Dissertation + viva(PADC013), 'Comprehensive Viva-Voce (PADC014) എന്നീ പരീക്ഷകൾ മാർച്ച് 24,25, 26 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് രാവിലെ 10.00 മണി മുതൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീമിലെ –2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ റഗുലർ ബി.ടെക് (2020 ഒക്ടോബർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 30 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

### പരീക്ഷ മാറ്റി

കേരളസർവകലാശാല മാർച്ച് 22 ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) , മാർച്ച് 24 നു ആരംഭിക്കനിരുന്ന നാലാം വർഷ ബി.എഫ്.എ (പെയിന്റിംഗ്, സ്കൾപ്പ്ച്ചർ) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### രജിസ്ട്രേഷൻ തീയതി നീട്ടി

കേരളസർവകലാശാല 2021–23 വർഷത്തെ ബി.എ/ബി.കോം/ബി.എ അഫസൽ ഉൽ ഉലാമ/ബി.ബി.എ/ബി.കോം അഡീഷണൽ ഇലക്ടീവ് കോപ്പറേഷൻ എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 25 വരെ നീട്ടിയിരിക്കുന്നു. ബി.എ/ബി.കോം/ബി.എ അഫസൽ ഉൽ ഉലാമ /ബി.കോം അഡീഷണൽ ഇലക്ടീവ് കോപ്പറേഷൻ എന്നീ കോഴ്സുകൾക്ക് 2625/- രൂപ പിഴയോടുകൂടിയും ബി.ബി.എ കോഴ്സിന് 3150/- രൂപ പിഴയോടുകൂടിയും മാർച്ച് 25 വരെ അപേക്ഷിക്കാവുന്നതാണ്.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല ഏപ്രിൽ 26 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 26 വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 30 വരെയും 400 രൂപ പിഴയോടുകൂടി ഏപ്രിൽ 03 വരേയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## തീയതി നീട്ടി

കേരളസർവകലാശാല നടത്തുന്ന ഫെബ്രുവരി 2021 അഞ്ചാം സെമസ്റ്റർ ബി.എ/ ബി.എസ്.സി/ബി.കോം സി.ബി.സി.എസ്.എസ്/ സി.ബി.സി.എസ്.എസ് (സി.ആർ) ഡിഗ്രി പരീക്ഷകളുടെ സി.ഇ മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി മാർച്ച് 31 ആയി ദീർഘിപ്പിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
20.03.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675